REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **21-ാം നൂറ്റാണ്ടിൽ ശാസ്ത്രം പുതിയ ഊർജ്ജത്തോടെ ഭാരതത്തിൽ പുരോഗതി പ്രാപിക്കുന്നതിൽ അഭിമാനമുണ്ടെന്ന് മൻ കി ബാതി-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കൈത്തറി മേഖല വികസിത ഭാരതത്തിന്റെ പ്രചോദക ശക്തിയായി മാറുമെന്ന് പ്രധാനമന്ത്രി.**
- **സ്വച്ഛ ഭാരത ദൗത്യം സ്വന്തം ഉത്തരവാദിത്തമായി ജനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞതായും നരേന്ദ്രമോദി.**
- **തമിഴ്നാട്ടിലെ അരിയലൂരിൽ രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷികത്തിലും ആദി തിരുവാതിര ഉത്സവത്തിലും പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും.**
- **സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. കാസർഗോഡ് മുതൽ എറണാകുളം വരെ ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത. മത്സ്യ ബന്ധനത്തിന് വിലക്ക്.**
- **മലബാർ റിവർ ഫെസ്റ്റിവെൽ വൈകിട്ട് കോഴിക്കോട്ട് സമാപിക്കും.**

## വാർത്തകൾ വിശദമായി

21-ാം നൂറ്റാണ്ടിൽ ശാസ്ത്രം പുതിയ ഊർജ്ജത്തോടെ ഭാരതത്തിൽ പുരോഗതി പ്രാപിക്കുകയാണെന്നും അതിൽ ഏറെ അഭിമാനമുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാതി-ൽ പറഞ്ഞു. ശുഭാൻശു ശുക്ലയുടെ ബഹിരാകാശ യാത്രയും സുരക്ഷിത തിരിച്ചുവരവും രാജ്യത്തിനാകെ അഭിമാനവും

സന്തോഷവും പകർന്ന ദിവസങ്ങളാണ്. 2023 ഓഗസ്റ്റിൽ ചന്ദ്രയാൻ-3 വിജയകരമായി ലാൻഡ് ചെയ്തപ്പോൾ ഉണ്ടായ അന്തരീക്ഷം ശുഭാൻശുവിലൂടെ ഒരിക്കൽ കൂടി ആവർത്തിച്ചുവെന്ന് അദ്ദേഹം വ്യക്തമാക്കി.

<.........വോയ്സ് ക്ലിപ്പ്....> INSERT -

അന്താരാഷ്ട്ര കെമിസ്ട്രി ഒളിമ്പ്യാഡിൽ നാല് ഇന്ത്യൻ വിദ്യാർത്ഥികൾ നേടിയ വിജയവും, അന്താരാഷ്ട്ര ഗണിത ഒളിമ്പ്യാഡിലെ ആറ് മെഡലുകളും, ഭാരതം ഇപ്പോൾ ഒളിമ്പിക്സിനും ഒളിമ്പ്യാഡിനുമായി ഒരേപോലെ മുന്നോട്ട് കുതിക്കുന്നതിന് തെളിവാണെന്ന് അദ്ദേഹം മൻ കി ബാതി-ൽ അഭിപ്രായപ്പെട്ടു.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ് ......

കുട്ടികളുടെ കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഇൻസ്പെയർ -മനക് അഭിയാനിൽ ഓരോ സ്കൂളിൽ നിന്നും അഞ്ച് കുട്ടികളെ തെരഞ്ഞെടുക്കുന്ന പരിപാടിയിൽ ചന്ദ്രയാൻ -3ന് ശേഷം കുട്ടികളുടെ എണ്ണം ഇരട്ടിയായെന്നും അദ്ദേഹം വെളിപ്പെടുത്തി. ബഹിരാകാശ മേഖലയിൽ അഞ്ച് വർഷം മുമ്പുണ്ടായിരുന്നതിന്റെ നാലിരട്ടിയിലേറെ സ്റ്റാർട്ട് അപ്പുകൾ ഇപ്പോഴുണ്ട്.

യുനെസ്കോ, 12 മറാഠാ കോട്ടകളെ പൈതൃക കേന്ദ്രങ്ങളായി അംഗീകരിച്ചതിനെ പ്രധാനമന്ത്രി സ്വാഗതം ചെയ്തു. രാജ്യത്തെ ചരിത്ര ശേഷിപ്പുകളായ കോട്ടകൾ സന്ദർശിച്ച് രാജ്യത്തിന്റെ പൈതൃകത്തിൽ അഭിമാനം കൊള്ളണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ഓഗസ്റ്റ് മാസം വിപ്ലവങ്ങളുടെ മാസമാണെന്ന് പ്രധാനമന്ത്രി വിശേഷിപ്പിച്ചു. ഓഗസ്റ്റ് ഒന്നിന് ലോകമാന്യ ബാലഗംഗാധര തിലകിന്റെ പുണ്യതിഥി, ഓഗസ്റ്റ് 7- ദേശീയ കൈത്തറി ദിനം, ഓഗസ്റ്റ് 8 -ക്വിറ്റ് ഇന്ത്യ ദിനം, വിഭജനത്തിന്റെ വേദനിക്കുന്ന ഓർമ്മകളുമായി ഓഗസ്റ്റ് 14, ഓഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം എന്നിങ്ങനെ.

PM CLIP < ........> INSERT -

ഖാദി പ്രസ്ഥാനം സ്വാതന്ത്ര്യസമരത്തിന് പുതിയ ശക്തി നൽകിയതുപോലെ കൈത്തറി വികസിത ഭാരതത്തിന്റെ പ്രചോദകശക്തിയായി മാറുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ പത്തു വർഷങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ കൈത്തറിമേഖലയുടെ വിജയത്തിന്റെ അനുഭവകഥകൾ രചിച്ചു. മഹാരാഷ്ട്ര, പൈഠൻ ഗ്രാമത്തിലെ കവിതാ ധവളെ, ഗവൺമെന്റ് സഹായത്തോടെ ആരംഭിച്ച യൂണിറ്റിൽ പൈഠണി സാരികൾ നെയ്ത് വിറ്റഴിക്കുന്ന വിജയഗാഥ അദ്ദേഹം ഉദാഹരിച്ചു. ഒഡിഷയിലെ മയൂർബെഞ്ചിൽ 650 ലേറെ ആദിവാസി സ്ത്രീകൾ സന്താളി സാരികളെ പുനരുജ്ജീവിപ്പിച്ച

സംഭവവും അദ്ദേഹം എടുത്തുപറഞ്ഞു. അവർ തുണി നെയ്യുക മാത്രമല്ല, സ്വന്തം വ്യക്തിത്വം കൂടി രൂപപ്പെടുത്തുക കൂടിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

രാജ്യത്ത് 3000-ത്തിലേറെ ടെക്സ്റ്റൈൽ സ്റ്റാർട്ട് അപ്പുകൾ സജീവമാണെന്നും അവ ഭാരതത്തിന്റെ കൈത്തറിക്ക് ആഗോള തലത്തിൽ തന്നെ വ്യക്തിത്വം നൽകി കഴിഞ്ഞെന്നും നരേന്ദ്രമോദി വെളിപ്പെടുത്തി. 2047-ലെ വികസിത ഭാരതത്തിലേക്ക് ഈ മേഖല അടിത്തറയാകുമെന്ന് അദ്ദേഹം പറഞ്ഞു. 'വോക്കൽ ഫോർ ലോക്കൽ' -ഭാരതീയർ നിർമ്മിച്ച ഉത്പന്നങ്ങൾ ഭാരതീയർ തന്നെ  വാങ്ങുകയും വിൽക്കുകയും ചെയ്യുമെന്ന ദൃഢനിശ്ചയം എല്ലാവരും എടുക്കണമെന്ന് അദ്ദേഹം പറഞ്ഞു.

ഒഡിഷയിലെ കിയോഞ്ജർ ജില്ലയിൽ രാധാകൃഷ്ണ സങ്കീർത്തന മണ്ഡലി ഭക്തിയോടൊപ്പം കീർത്തനങ്ങളിലൂടെ കാട്ടുതീയെ കുറിച്ച് ബോധവത്കരണം നടത്തുന്ന സവിശേഷത അദ്ദേഹം മൻ കി ബാത് ശ്രോദ്ധാക്കളുമായി പങ്കുവെച്ചു. നാടൻപാട്ടുകളുടേയും പാരമ്പര്യത്തിന്റെയും ഭാഗമായ ഭജനകളും കീർത്തനങ്ങളും പരിസ്ഥിതി സംരക്ഷണം പ്രമേയമാക്കുമ്പോൾ അതൊരു പുതിയ അനുഭവമാണ്. നാടൻ പാരമ്പര്യങ്ങൾക്ക് ഇന്നും സമൂഹത്തിന് വഴി കാണിക്കാൻ ശക്തിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മാവോയിസത്തിൽ നിന്ന് സമാധാനത്തിന്റെ മാർഗത്തിലേക്ക് പുതുവഴി കണ്ടെത്തിയ ഝാർഖണ്ഡിലെ ഗുമ്‌ല ജില്ലയുടെ അനുഭവം മൻ കി ബാതിൽ അദ്ദേഹം പങ്കുവെച്ചു. ഓം പ്രകാശ് സാഹു എന്ന യുവാവ് തുടങ്ങിയ മത്സ്യകൃഷി ഒട്ടേറെ പേരിൽ പ്രചോദനമായി ഇന്ന് ആ ജില്ല മത്സ്യവിപ്ലവത്തിന് വഴിയൊരുക്കിയതായി പ്രധാനമന്ത്രി പറഞ്ഞു.

11 വർഷം മുമ്പ് തുടങ്ങിയ സ്വച്ഛഭാരത ദൗത്യം അസാദ്ധ്യമായതും സാദ്ധ്യമാകുമെന്നതിന് തെളിവാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജനകീയ പ്രസ്ഥാനമായി മാറിയ ഈ ദൗത്യം ജനങ്ങൾ ഉത്തരവാദിത്തമായി ഏറ്റെടുത്തു കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. 15-കോടിയിലേറെ ആളുകൾ സ്വച്ഛ് സർവെയുടെ ഭാഗമായി മാറി. സ്വച്ഛ ഭാരത മിഷൻ -മാലിന്യ നിർമ്മാർജ്ജനത്തിന് പുതിയ മാതൃകകൾ സൃഷ്ടിക്കാനും സഹായിച്ചതായി സ്ഥാപനങ്ങളുടെ പേരെടുത്ത് പറഞ്ഞ് പ്രധാനമന്ത്രി വിശദീകരിച്ചു.

✪✪✪

ദ്വിദിന തമിഴ്നാട് സന്ദർശനത്തിന്റെ അവസാന ദിവസമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അരിയലൂർ ജില്ലയിൽ ചോള ചക്രവർത്തി രാജേന്ദ്ര ചോളൻ ഒന്നാമന്റെ സഹസ്ര ജന്മവാർഷികത്തിലും ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിൽ ആദി തിരുവാതിര ഉത്സവത്തിലും  പങ്കെടുക്കും. രാജേന്ദ്ര ചോളൻ ഒന്നാമൻ അനുസ്മരണ നാണയവും അദ്ദേഹം പ്രകാശനം ചെയ്യും.

ചോളരാജാവിന്റെ തെക്കു - കിഴക്ക് ഏഷ്യൻ കപ്പൽ യാത്രയുടെയും ചോളപുരം ക്ഷേത്രത്തിന്റെയും പാരമ്പര്യം ഓർമ്മിപ്പിക്കുന്ന പരിപാടിയാണ് സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

മുൻ രാഷ്ട്രപതിയും പ്രശസ്ത ശാസ്ത്രജ്ഞനുമായിരുന്ന ഡോ. APJ അബ്ദുൾ കലാമിന്റെ ചരമ വാർഷിക ദിനത്തിൽ രാജ്യം അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. ഇന്ത്യയുടെ ബഹിരാകാശ, മിസൈൽ വികസന പദ്ധതികളിൽ നിർണായക പങ്കുവഹിച്ച ഡോ. കലാം "ഇന്ത്യയുടെ മിസൈൽ മാൻ" എന്നാണ് അറിയപ്പെട്ടിരുന്നത്.

ഡോ. കലാം പ്രചോദനം പകരുന്ന മാർഗ്ഗ ദർശകൻ, മികച്ച ശാസ്ത്രജ്ഞൻ, വഴികാട്ടി, മഹാനായ രാജ്യസ്നേഹി എന്നീ നിലകളിൽ എന്നും സ്മരിക്കപ്പെടുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

CRPF സ്ഥാപക ദിനത്തിൽ സേനാംഗങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. രാജ്യത്തിന്റെ സുരക്ഷാ സംവിധാനത്തിൽ, പ്രത്യേകിച്ച് ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട വെല്ലുവിളികളിൽ, CRPF നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ശിക്ഷാ സംസ്കൃതി ഉത്ഥാൻ ന്യാസിന്റെ രണ്ടു ദിവസത്തെ ജ്ഞാനസഭ ഇന്ന് തുടങ്ങും. എറണാകുളം ഇടപ്പള്ളി അമൃത ആശുപത്രി അങ്കണത്തിൽ ഉച്ച കഴിഞ്ഞ് ആരംഭിക്കുന്ന ജ്ഞാനസഭയിൽ രാജ്യത്തെ സർവകലാശാലാ വൈസ് ചാൻസലർമാർ, വിദ്യാഭ്യാസ മന്ത്രിമാർ, പ്രമുഖ വിദ്യാഭ്യാസ വിദഗ്ധർ, സ്ഥാപന മേധാവികൾ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഒമാനുമായി ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാർ ഉടൻ യാഥാർത്ഥ്യമാകുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ അറിയിച്ചു. US മായും യൂറോപ്യൻ യൂണിയനുമായും സ്വതന്ത്ര വ്യാപാര കരാറുകൾ സംബന്ധിച്ച ചർച്ചകൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതായും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് മിക്ക ജില്ലകളിലും കാലവർഷം ശക്തമായി തുടരുന്നു. കാസർഗോഡ് മുതൽ എറണാകുളം വരെ ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 30 വരെ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നാണ് മുന്നറിയിപ്പ്.

✪✪✪

ശക്തമായ കാറ്റിലും മഴയിലും കണ്ണൂർ കാങ്കോൽ വില്ലേജിലെ പൂതെങ്ങയിൽ വീടിനു മുകളിൽ മരം വീണ് സ്ത്രീക്ക് പരിക്കേറ്റു. ഇവരെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ശക്തമായ കാറ്റിൽ കണ്ണൂർ പയ്യന്നൂർ കണ്ടോത്ത് കുറുമ്പ ഭഗവതി ക്ഷേത്രത്തിലെ 150 വർഷത്തോളം പഴയ കൂറ്റൻ അരയാൽ മരം കടപുഴകി വീണു. ഇരിട്ടി താലൂക്കിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തനം തുടങ്ങി.

✪✪✪

കേരള കർണാടക അന്തർ സംസ്ഥാന പാതയായ മാക്കൂട്ടം ചുരത്തിൽ മരം വീണ് തടസ്സപ്പെട്ട ഗതാഗതം പുനസ്ഥാപിച്ചു. ഇന്നലെ രാത്രിയാണ് മരങ്ങൾ കടപുഴകി വീണത്.

✪✪✪

വയനാട്ടിൽ അതിശക്ത മഴയും കാറ്റും തുടരുകയാണ്. തലപ്പുഴ മക്കിമലയിൽ വനത്തിൽ മണ്ണിടിച്ചിൽ ഉണ്ടായതായി സംശയം.

✪✪✪

പാലക്കാട് പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് ഒരാൾ മരിച്ചു. കൊടുമ്പ് സ്വദേശി മാരിമുത്തുവിനാണ് രാവിലെ തോട്ടത്തിൽ നിന്ന് തേങ്ങ എടുക്കാൻ പോയപ്പോൾ ഷോക്കേറ്റത്.

✪✪✪

കോഴിക്കോട് വിലങ്ങാട് മേഖലയിൽ ശക്തമായ കാറ്റിൽ മരം വീണ് നാല് വീടുകൾ വീടുകൾ ഭാഗികമായി തകർന്നു. മലയങ്ങാട് റോഡിൽ ഗതാഗത തടസ്സം ഉണ്ടായി. ഇന്നലെയും പ്രദേശത്ത് കാറ്റിൽ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നു.

✪✪✪

നാദാപുരത്ത് ചുഴലിക്കാറ്റിൽ നാശനഷ്ടമുണ്ടായ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ അടിയന്തര നടപടി എടുക്കണമെന്ന് ഷാഫി പറമ്പിൽ MP ആവശ്യപ്പെട്ടു. നഷ്ടം കണക്കാക്കാൻ റവന്യൂ വകുപ്പിന്റെ പ്രത്യേക സംഘത്തെ നിയോഗിക്കണമെന്നും ജില്ലാ ഭരണകൂടത്തോട് അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

കനത്ത മഴയിൽ നീരൊഴുക്ക് ശക്തമായി തുടരുന്ന സാഹചര്യത്തിൽ കക്കയം ഡാമിന്റെ രണ്ട് ഷട്ടറുകളും അരയടി വീതം ഉയർത്തി. പുഴക്കരയിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകി.

✪✪✪

കോടഞ്ചേരിയിൽ മലബാർ റിവർ ഫെസ്റ്റിവൽ വൈകിട്ട് സമാപിക്കും. വിജയികൾക്ക് മന്ത്രി PA മുഹമ്മദ് റിയാസ് സമ്മാനങ്ങൾ വിതരണം ചെയ്യും.

ശക്തമായ മഴ കാരണം ഇന്നത്തെ മത്സരവേദി ഇലന്തു കടവിൽ നിന്നും പുലിക്കയത്തേക്ക് മാറ്റിയിരുന്നു. ഇന്ന് പുല്ലൂരാംപാറയിലെ ഇരുവഴിഞ്ഞി പുഴയിൽ ഡൗൺറിവർ മത്സരം നടത്തും. റാപ്പിഡ് രാജ, റാപ്പിഡ് റാണി എന്നിവരെ കണ്ടെത്തുന്ന മത്സരമാണിത്.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിന്റെ അവസാന ദിവസമായ ഇന്ന് മാഞ്ചസ്റ്ററിൽ രണ്ടിന് 174 റൺസെന്ന നിലയിൽ ഇന്ത്യ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ശുഭ്മാൻഗില്ലും KL രാഹുലുമാണ് ക്രീസിൽ.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ്സ് രണ്ടാം ക്ലാസിക്കൽ മത്സരത്തിൽ ഇന്ന് കൊനേരു ഹംപിയും ദിവ്യ ദേശ്മുഖും ഏറ്റുമുട്ടും.

ആദ്യ മത്സരത്തിൽ വെള്ള കരുക്കളുമായി കളിച്ച ദിവ്യ തുടക്കത്തിൽ മുൻതൂക്കം നേടിയെങ്കിലും അവസാനം വരെ പൊരുതിയ ഹംപി സമനില നേടുകയായിരുന്നു.

✪✪✪

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെയും ഉന്നത വിദ്യാഭ്യാസ മേഖലയെയും സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി V ശിവൻ കുട്ടി തിരുവനന്തപുരത്ത് പറഞ്ഞു. ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്കും ജനാധിപത്യ മൂല്യങ്ങൾക്കും

അനുസൃതമായ വിദ്യാഭ്യാസ സമ്പ്രദായം ഉറപ്പാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. വിദ്യാഭ്യാസ മേഖലയുടെ മതേതര സ്വഭാവം ഉയർത്തിപ്പിടിക്കാൻ കേരളത്തിലെ പൊതുസമൂഹം എല്ലാ പിന്തുണയും നൽകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

*News Editor : അനിൽ ചന്ദ്രൻ*
*News Reader: ശ്രീജി*
*NRTs:, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*